# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5765** — **02/7/2014**-ൽ മറുപടിക്ക്

## കർഷക തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിലുള്ള കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കർഷകത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാനുള്ള കുടിശ്ശിക ഇനത്തിൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആകെ ബാധ്യത എത്ര കോടി രൂപ വരുമെന്ന് അറിയിക്കുമോ; | (എ) കർഷകതൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാനുള്ള കുടിശ്ശിക ഇനത്തിൽ ബോർഡിന് 193 കോടി രൂപയുടെ ബാധ്യത നിലനിൽക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ബാധ്യത തീർപ്പാക്കുന്നതിനുവേണ്ടി ധനസഹായം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശദായമിനത്തിൽ 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ 61,00,000/- രൂപ വീതവും 2013-14 സാമ്പത്തിക വർഷം 76,17,000/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) പുതിയ സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകാൻ എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്നറിയിക്കുമോ; ഇല്ലെങ്കിൽ കുടിശ്ശിക തീർക്കാൻ എന്തുനടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കുമോ? | (സി) ഉണ്ട്.<br>2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകാൻ 76,17,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ബോർഡിന് ആനുകൂല്യ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച ബോർഡിന്റെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

(BK)